പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3523 12/12/2014- ൽ മറുപടിക്ക്

**പക്ഷിപ്പനി മൂലം തകർന്ന ഇറച്ചി വ്യവസായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | പക്ഷിപ്പനി സംസ്ഥാനത്തെ ഇറച്ചി വ്യവസായത്തെ തകർത്തു എന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടില്ല. |
| ബി) | ക്രിസ്മസ്, പുതുവത്സര സീസണുകളിൽ ഇറച്ചി/മുട്ടക്കച്ചവടം എന്നിവയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അപാകതകൾ മൂലം നഷ്ടപ്പെടുന്നത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | ബി) | മൃഗസംരക്ഷണ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അവസരോചിതമായ ഇടപെടൽ മൂലം പക്ഷിപ്പനി നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അപാകതകൾ ഉണ്ടായിട്ടില്ല. |
| സി) | സീസണു മുമ്പ് ഇത്തരത്തിൽ കാണാമറയത്തുള്ള പക്ഷിപ്പനി റിപ്പോർട്ടും പക്ഷികളുടെ മരണവും കച്ചവടം അട്ടിമറിക്കാനുള്ള എന്തെങ്കിലും പദ്ധതിയുടെ ഭാഗമാണോ എന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ; | സി) | ദേശാടനപക്ഷികളുടെ വരവ് കൂടുതലായ സമയത്താണ് പക്ഷിപ്പനി പടർന്നുപിടിച്ചത്. പക്ഷിപ്പനി ബാധ കേന്ദ്രസർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്. കച്ചവടം അട്ടിമറിക്കാനുള്ള പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും ഉണ്ടായതായി തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| ഡി) | അന്യസംസ്ഥാന ഇറച്ചിക്കച്ചവട ലോബികൾക്കായി മൃഗസംരക്ഷണ വകുപ്പിലെ ചില ഉദ്യോഗസ്ഥർ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുവാൻ താമസിച്ചതും പരിശോധനകൾ താമസിപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കാരണക്കാരായ ഇത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃക പരമായ ശിക്ഷ നൽകുമോ; ആരുടെയെല്ലാം പേരിൽ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഡി) | പക്ഷിപ്പനി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അന്നുതന്നെ, സ്ഥിരീകരണ ത്തിനായി ബാംഗ്ലൂരിലെയും, ഭോപ്പാലിലെയും ലാബുകളിലേയ്ക്ക് അയച്ചിരുന്നു. പക്ഷിപ്പനി പോലുള്ള രോഗബാധ നോട്ടിഫൈ ചെയ്യുന്നത് കേന്ദ്രസർക്കാർ മുഖേന ആയതിനാലാണ് അവിടെനിന്നുള്ള സ്ഥിരീകരണത്തിനായി രണ്ടുദിവസം സമയമെടുത്തത്. ഇതുമായി ബന്ധപ്പെട്ട ഒരു പരിശോധനകൾക്കും കാലതാമസമോ, വീഴ്ചയോ ആരുടെയും ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ആരുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ